KUTTIPPURAM Sub dist.

# Silent Bells

ഫസ്റ്റ്ബെൽ – അനുബന്ധ പഠനസഹായകസാമഗ്രി

PLAY

| Class: X | Subject: Malayalam AT | Date: 22/09/2020 | Worksheet No: 3 |
|---|---|---|---|
| Lesson & LO: പാവങ്ങൾ | | | |

1. പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതുമായ സൗമ്യഭാവത്തോടു കൂടി,അനങ്ങാതെ, വിരൽത്തുമ്പു കൊണ്ടു പതുക്കെ അയാൾ വാതിലുന്തി എന്ന പ്രയോഗം കളവു നടത്താൻ പോകുന്ന ഴാങിന്റെ അവസ്ഥയെ എത്രത്തോളം സുന്ദരമായും സൂക്ഷ്മമായും അവതരിപ്പിക്കുന്നു? വിശദമാക്കുക.

2. തിരിക്കുറ്റിയുടെ നീണ്ടതും ചിലമ്പിച്ചതുമായ നിലവിളി ഴാങിന്റെ ആത്മാവിൽ ഉറഞ്ഞു കൂടുന്ന ഭയത്തിന്റേയും പാപബോധത്തിന്റേയും ആ വിഷ്ക്കാരമല്ലേ? പ്രയോഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

(സൂചനകൾ : പരലോകത്തു വെച്ച് ഇഹലോക കർമ്മങ്ങളെ വിചാരണക്കെടുക്കുമ്പോ ഴുള്ള തുളഞ്ഞുകയറുന്നതും ഭയം ജനിപ്പിക്കുന്നതുമായ കാഹള ശബ്ദം, തിരിക്കുറ്റി ഒരു നായയെപ്പോലെ എഴുന്നേല്പിക്കുവാൻ കുരക്കുന്നതായും തോന്നുന്നു. അയാൾ വിറച്ചു കൊണ്ടും പരിഭ്രമിച്ചു കൊണ്ടും അനങ്ങാതെ നില്ക്കുന്നു. കാൽപ്പെരുവിരലുകളുടെ തുമ്പത്തു നിന്ന് മടമ്പിലേക്ക് പിന്നോക്കം വീഴുന്ന, രണ്ടു ചെന്നിക്കുമുള്ള രക്ത നാഡികൾ കൊല്ലന്റെ രണ്ട് കൂടങ്ങൾ പോലെ ആഞ്ഞടിക്കുന്നു, അയാളുടെ മാറിടത്തിലെ ശ്വാസാ വേഗത്തിന്റെ തള്ളൽ)

3. അപകടങ്ങളെ തരണം ചെയ്യുമ്പോൾ ഴാങ് പിന്നോക്കം പോകുന്നില്ല. ഇങ്ങനെ ശരിയായാലും തെറ്റായാലും ചെയ്യുന്നതിൽ ഉറച്ചു നില്ക്കുന്ന സ്വാഭാവത്തെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു? or

കളവ് ഒരു ചീത്ത പ്രവൃത്തി ആയിട്ടും അതിൽ ഉറച്ചു നില്ക്കുകയും മുന്നോട്ട് പോകുകയും ചെയ്യുന്ന ഴാ ങിന്റെ പ്രവൃത്തിയെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു?

**4. പരലോകം, ഇഹലോകം, കാഹളം, വിചാരണ തുടങ്ങിയ പ്രയോഗങ്ങൾ നല്കുന്ന സൂചനകൾ എന്തെല്ലാം?**

**5. ഗദ്യ ഭാഗങ്ങളിലും കാവ്യാത്മകമായ സവിശേഷ പ്രയോഗങ്ങൾ വരുന്നത് ശ്രദ്ധിച്ചു കാണുമല്ലോ. ഈ ഭാഗത്തു വരുന്ന ഇത്തരം പ്രയോഗങ്ങൾ കണ്ടെത്തി എഴുതൂ... നിങ്ങൾക്ക് ഇഷ്ടപ്പെട്ട പ്രയോഗങ്ങൾ വിശദീകരിക്കൂ....**

**(സൂചനകൾ : ഉപ്പുകൊണ്ടുള്ള പ്രതിമ പോലെ, പൂച്ചയുടെ സ്വഭാവം, കൊല്ലന്റെ രണ്ട് കൂടങ്ങൾ പോലെ, ഗുഹയിൽ നിന്ന് പുറപ്പെടുന്ന ശബ്ദം പോലെ.)**